''ഭരണഭാഷ – മാതൃഭാഷ''

എഫ്2/10054/2022


വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : 22/12/2022
ഫോൺ : 0484–2422210, 2422227
ഇ–മെയിൽ : ddeekm.dge@kerala.gov.in


## മെമ്മോ

വിഷയം :പൊതു വിദ്യാഭ്യാസം – സർക്കാർ / എയ്ഡഡ് / സ്വാശ്രയ ഡി.എൽ.എഡ് (2022–2024) അലോട്ട്മെന്റ് – അഭിമുഖം – സംബന്ധിച്ച്

സൂചന : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.07.2022 എം2/547994/22/ഡി.ജി.ഇ . നമ്പർ വിജ്ഞാപനം

. . . . . . . . . . .

വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഡി.എൽ.എഡ്–ന്റെ ദ്വിവത്സര കോഴ്സിലേക്കുള്ള, **HUMANITIES (ഗവ/എയ്ഡഡ്)** നിലവിലുള്ള ഒഴിവുകളിലേക്ക് 2022–2024 വർഷത്തെ പ്രവേശനത്തിന്റെ അഭിമുഖവും, തെരഞ്ഞെടുപ്പും **03/01/2023 ചൊവ്വാഴ്ച രാവിലെ 10 മണിക്ക്** കാക്കനാട് സിവിൽ സ്റ്റേഷനിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ വച്ച് നടത്തപ്പെടുന്നു. അഭിമുഖത്തിന് ലഭിച്ച അറിയിപ്പും താഴെ പറയുന്നവയുടെ അസ്സൽ രേഖകളും സഹിതം നിർബന്ധമായും താങ്കൾ നിശ്ചിത സമയത്ത് ഹാജരാകേണ്ടതാണ്. 'കോവിഡ്–19' പ്രൊട്ടോകോൾ പാലിക്കേണ്ടതാണ്. കൊണ്ടുവരേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദവിവരങ്ങൾ സൂചന വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ളവ താഴെ നൽകിയിരിക്കുന്നു.

1. **എസ്.എസ്.എൽ.സി ബുക്ക്**
2. **ഹയർ സെക്കണ്ടറി / പ്രീ–ഡിഗ്രി / തത്തുല്യമായി അംഗീകരിച്ച പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/NIOS പാസ്സായവരുടെ Equivalency Certificate**
3. **അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി).**നിലവിൽ ഏതെങ്കിലും കോർസ് പഠിക്കുന്നവർ പ്രവേശനം ഉറപ്പാക്കിയതിനു ശേഷം മാത്രം ഹാജരാക്കിയാൽ മതിയാകുന്നതാണ്
4. **സ്വഭാവ സർട്ടിഫിക്കറ്റ്**
5. **ഗവ.അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ ഫോറം 42–ൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.**
6. **ജവാന്റെ / വിമുക്തഭടന്റെ ആശ്രിതനാണെന്ന് തെളിയിക്കുന്നതിനുള്ള നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്.**
7. **പിന്നോക്ക വിഭാഗത്തിന് നിശ്ചിത ഫോറത്തിലുള്ള ജാതി സർട്ടിഫിക്കറ്റ്.**
8. **ഇക്കോണോമിക്കലി വീക്കർ സെക്ഷന്റെ (EWC Certificate) സർട്ടിഫിക്കറ്റ്.**
9. **ഭിന്നശേഷിക്കാരായവർ അവരവരുടെ (ജി.ഓ.(എം .എസ്)31/81/ജി.എഡ്യൂ., തീയതി27.02.1981) പ്രകാരം സർക്കാര് നിർദേശിച്ച വൈകല്യത്തിന്റെ തീവ്രത (ശതമാനം)കാണിക്കുന്ന സർട്ടിഫിക്കറ്റ്.**
10. എൻ. സി .സി സർടിഫിക്കറ്റ്.

ഈ കോഴ്സിന് സീറ്റുകൾ പരിമിതവും യോഗ്യരായവർ ഏറെയുള്ള സാഹചര്യത്തിൽ താങ്കൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള സമയത്ത് താങ്കൾ ഹാജരായിട്ടില്ലാത്ത പക്ഷം തൊട്ടടുത്തയാളെ പരിഗണിക്കുന്നതും താങ്കളുടെ അവസരം നഷ്ടപ്പെടുന്നതുമാണ്. ഇക്കാര്യത്തിൽ പുന:പരിശോധന നടത്തുന്നതല്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളും അസ്സൽ രേഖകളും തമ്മിൽ ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം താങ്കളുടെ പ്രവേശനം റദ്ദാക്കുന്നതായിരിക്കും. അസ്സൽ രേഖകളുടെ സമർപ്പണത്തിന് മറ്റൊരവസരം നൽകുന്നതല്ല. താങ്കൾ തെരഞ്ഞെടുക്കുന്ന പക്ഷം തൽസമയം തന്നെ നിശ്ചിത ഫീസ് ഒടുക്കി അന്നേ ദിവസം തന്നെ പ്രവേശനം നേടേണ്ടതാണ്. **. സീറ്റുകൾ പരിമിതമായതിനാൽ പി.എസ്.സി റാങ്ക്ലിസ്റ്റ് പ്രകാരമുള്ള കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞാൽ ഇന്റർവ്യൂ അവസാനിക്കുന്നതായിരിക്കും. പി.എസ്.സി യിൽ നിന്ന് ലഭിക്കുന്ന സാധ്യത റാങ്ക് ലിസ്റ്റ് 28/12/2022 നു ddeernakulam.in എന്ന സൈറ്റിൽ പ്രസിധികരിക്കുന്നതാണ് .**

വിശ്വസ്തതയോടെ

ഹണി.ജി.അലക്സാണ്ടർ
പെൻ – 260395
വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം